ഈ കഥ തുടങ്ങുന്നത് കുറച്ച് വർഷങ്ങൾക്ക് മുൻപാണ്.
കുഞ്ഞിലേ അമ്മയുടെ കൈ പിടിച്ച് ബാങ്കിൽ പോകുമ്പോൾ കൌണ്ടറിനപ്പുറം മനോഹരമായി സാരി ഉടുത്തിരിക്കുന്നവരെ കണ്ട് തനിക്കും അവരെ പോലെ ആവാൻ പറ്റുമോ എന്ന് ചിന്തിച്ചൊരു കൊച്ച് കുട്ടി ഉണ്ടായിരുന്നു.
സമയത്തിനൊപ്പം ഓടി എത്തുന്ന ആ ഒരാളാണ് ഇന്നത്തെ ടി ബി ഓഫ് ദി വീക്ക്.

ലക്ഷ്മി അമ്മാൾ
ഫെഡറൽ ബാങ്ക് റിക്കവറി ഡിവിഷൻ
എറണാകുളം

സെൻസസ് ഡയറക്ടറേറ്റിൽ ജോലി ചെയ്തിരുന്ന ശ്രീ ശിവരാമകൃഷ്ണയ്യരുടേയും ടീച്ചർ ആയിരുന്ന ശ്രീമതി രാജലക്ഷ്മി അമ്മാളുടെയും മൂത്ത മകൾ ലക്ഷ്മി അമ്മാൾ.അവർക്ക് രണ്ട് സഹോദരങ്ങൾ.

അച്ഛന്റെയും അമ്മയുടെയും ജോലിയുടെ ഭാഗമായി തിരുവനന്തപുരത്തായിരുന്നു ലക്ഷ്മി അമ്മാളുടെ പഠനം.സ്ക്കൂൾ പഠനം കോട്ടൺഹിൽ ജി എച്ച് എസിലും, പ്രീഡിഗ്രിയും,ഗണിതശാസ്ത്രത്തിൽ ഡിഗ്രിയും ഓൾ സെയിന്റ്സ് കോളേജിലും ആയിരുന്നു. എം എസ് സി ക്ക് കാര്യവട്ടം ക്യാമ്പസിൽ ചേർന്നെങ്കിലും അതിനിടയിൽ ഫെഡറൽ ബാങ്കിൽ ജോലി ലഭിച്ചതോടെ പഠനം മുഴുവനാക്കാതെ ജോലിയിൽ പ്രവേശിക്കുകയായിരുന്നു.
അത്രയേറെ ആഗ്രഹിച്ച് കിട്ടിയ ഒന്നായത് കൊണ്ടാവും തേടി വന്ന കേന്ദ്ര സർക്കാർ ജോലികൾ പോലും തിരസ്ക്കരിച്ച് തന്റെ പ്രവർത്തന മേഖല ബാങ്കിങ് തന്നെ എന്ന് ലക്ഷ്മി അമ്മാൾ തീരുമാനിക്കാൻ കാരണം.

1996ൽ ആലുവയിൽ ഹെഡ് ഓഫീസിൽ റീക്കൺസിലേഷൻ ഡിപ്പാർട്മെന്റിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ ആയി ആയിരുന്നു ആദ്യ നിയമനം.പിന്നീട് ആ ഡിപ്പാർട്മെന്റ് എറണാകുളത്തേക്ക് മാറിയപ്പോൾ എറണാകുളം ആയി പ്രവർത്തന മേഖല.

ജോലി ലഭിച്ച് ആറ് മാസത്തിനുള്ളിൽ കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനായ ശ്രീ വി ബി സുബ്രമണ്യനെ വിവാഹം കഴിച്ചു.രണ്ട് മക്കൾ ആണ് ഈ ദമ്പതികൾക്ക്.മകൻ ശ്രീറാം മുംബൈയിൽ വേദാന്ത ഗ്രൂപ്പിൽ ജോലി ചെയ്യുന്നു. മകൾ ശ്രുതി ബാംഗ്ലൂരിലെ സെന്റ് ജോസഫ്സ് യൂണിവേഴ്സിറ്റിയിൽ എം എസ് സി ബയോടെക്നോളജിക്ക് പഠിച്ചു കൊണ്ടിരിക്കുന്നു. കുഞ്ഞിലേ ബാങ്കിലേക്ക് കൈ പിടിച്ചു നടത്തിയ പ്രിയപ്പെട്ട അമ്മ Govt. LP സ്ക്കൂൾ വലിയതുറയിൽ നിന്ന് ഹെഡ്മിസ്ട്രസ്സ് ആയി റിട്ടയർ ചെയ്ത് അധിക കാലമാകും മുൻപേ തങ്ങളെ വിട്ട് പിരിഞ്ഞ കാര്യത്തെ കുറിച്ച് പറഞ്ഞപ്പോൾ ലക്ഷ്മി അമ്മാളുടെ കണ്ണമിടറി.

ലക്ഷ്മി അമ്മാളുടെ ബാങ്കിങ് വിശേഷങ്ങളിലേക്ക് തിരിച്ചു വരാം.പ്രൊമോഷനോട് കൂടിയ ട്രാൻസ്ഫറിൽ എറണാകുളത്ത് നിന്ന് ആലപ്പുഴയ്ക്ക് കുറച്ച് നാളത്തേക്ക് പറിച്ചു നടപ്പെട്ടു. അവിടെ നിന്നും എരമല്ലൂർ ബ്രാഞ്ചിലേക്ക്. തന്റെ ബാങ്കിങ് കരിയറിൽ താൻ ഏറ്റവും ആസ്വദിച്ചു ജോലി ചെയ്ത ആ അഞ്ചു വർഷങ്ങൾ ആണ് തന്നെ ജനങ്ങളോടടുപ്പിച്ചത് എന്ന് അഭിമാനത്തോടെ ഓർത്തെടുക്കുന്നു ലക്ഷ്മി അമ്മാൾ.അതിന് ശേഷം എറണാകുളത്തേക്ക് തിരികെ എത്തി.എംജി റോഡ്,പച്ചാളം ബ്രാഞ്ചുകളിലും കഴിഞ്ഞ രണ്ടു വർഷമായി എറണാകുളം റിക്കവറി ഡിവിഷനിലും ജോലി എടുക്കുന്നു.

മുപ്പത് വർഷമായി ബാങ്കിങ് മേഖലയിൽ ജോലി ചെയ്യുന്ന ലക്ഷ്മി അമ്മാൾ ബാങ്കിങ് രംഗത്തെ പല പരിഷ്കാരങ്ങൾക്കും മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ചു. ലെഡ്ജറുകൾ എഴുതി കൂട്ടി ചുമന്നു കൊണ്ട് നടന്നിരുന്ന കാലത്ത് നിന്ന് ഇപ്പോഴത്തെ ഡിജിറ്റൽ യുഗത്തിൽ വരെ എത്തി നിൽക്കുമ്പോഴുള്ള പല കടമ്പകളും ഘട്ടങ്ങളും ...

പഠിക്കുന്ന കാലത്തൊന്നും യാതൊരു വിധ കലാപരിപാടികളിലും കാര്യമായി പങ്കെടുത്തിട്ടില്ലാത്ത ലക്ഷ്മി സ്റ്റേജിൽ കയറാൻ വേണ്ടി ഒരിക്കൽ മലയാളം പദ്യ പാരായണത്തിന് പേര് കൊടുത്തതും വിറച്ചിട്ട് പാരായണം പകുതിയിൽ നിർത്തി ഇറങ്ങി വന്നതും ചിരിയുടെ അകമ്പടിയോടെ ഓർമ്മിച്ചു.
പാട്ടിനോടുള്ള കമ്പം വളരെ ചെറുതിലെ ഉണ്ടായിരുന്ന ലക്ഷ്മിക്ക് അന്നുമിന്നും ഒരേപോലെ പ്രിയമുള്ള ചാനൽ ആണ് ആകാശവാണി. ലളിതഗാനങ്ങളും ഹിന്ദി സിനിമാഗാനങ്ങളും കേട്ട് കൗതുകത്തിന് എഴുതിയെടുക്കുകയും പഠിച്ചു തനിയെ പാടി നോക്കുകയും ഒക്കെ ചെയ്തിട്ടുള്ള കുട്ടിക്കാലത്തിൽ നിന്ന് പാട്ട് പാടാനും നൃത്തം കളിക്കാനുമൊക്കെയുള്ള ആത്മധൈര്യം കിട്ടിയത് TB ഗ്രൂപ്പിൽ എത്തിയപ്പോഴാണ് എന്ന് ലക്ഷ്മി അമ്മാൾ കൃതാർത്ഥതയോടെ സ്മരിക്കുന്നു. അച്ഛന്റെ ഒരു സുഹൃത്ത് സമ്മാനിച്ച കെൽട്രോണിന്റെ റേഡിയോ കുഞ്ഞിലേ നിധി പോലെ കൊണ്ടുനടക്കുമായിരുന്ന ലക്ഷ്മി ഇന്നും രാവിലെ എണീറ്റു വന്നാൽ ആദ്യം ചെയ്യുന്നത് അടുപ്പു കത്തിച്ചില്ലേലും റേഡിയോ ഓൺ ചെയ്യുന്നത് ആണെന്ന് പറഞ്ഞ് മണി കിലുങ്ങും പോലെ ചിരിച്ചു.

ലക്ഷ്മിയ്ക്ക് ഇഷ്ടമുള്ള മറ്റൊരു
മേഖല വായനയാണ്.
വായിക്കാനുള്ള ആ ഇഷ്ടമാണ് തന്നെ TB യിലേക്കടുപ്പിച്ചത് എന്ന് പറഞ്ഞ ലക്ഷ്മി അമ്മാൾ മറ്റ് പലരേയും പോലെ കൊറോണ കാലത്താണ് ഇവിടെ വന്നെത്തിയത്. ടാലെന്റെഡ് ബാങ്കേഴ്സ് എന്ന പേര് കേട്ടപ്പോൾ തനിക്കിവിടെ എന്ത് കാര്യം എന്നോർത്തെങ്കിലും ബാക്കിയുള്ളവരുടെ കാലാവാസനകളെ കാണുകയും അങ്ങനെയുള്ളവരെ അറിയുകയും

ചെയ്യാമല്ലോ എന്ന് കരുതി TB യിൽ അങ്ങ് കൂടിയതാണത്രേ .

അകാലത്തിൽ നമ്മളെയൊക്കെ വിട്ട് പിരിഞ്ഞ അരിത് ജി യുടെ എഴുത്തുകൾ ആണ് ആദ്യം വായിച്ചു തുടങ്ങിയത് എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ ഓർമ്മകളിൽ മൗനമായി പോയ നിമിഷങ്ങൾ. അങ്ങനെ പലരെയും വായിച്ചും, കണ്ടും കേട്ടും പരിചയപ്പെട്ടും പ്രോത്സാഹിപ്പിച്ചും കൊറോണക്കാലം ആഘോഷമാക്കി.
പാടാനുള്ള ഇഷ്ടത്തെ പൊടി തട്ടി എടുത്ത് ഇഷ്ടമുള്ള പാട്ടുകൾ പാടി പോസ്റ്റ് ചെയ്തു.അത് പ്രോത്സാഹിപ്പിക്കാൻ ആൾക്കാരുണ്ടെന്ന് കണ്ടപ്പോൾ പാടുന്നതും പോസ്റ്റ് ഇടുന്നതും ശീലമാക്കി .ആദ്യമായി പങ്കെടുക്കുന്നത് കോട്ടയം മീറ്റിലാണ്.അവിടെ TB ഗ്രൂപ്പിൽ കണ്ട് പരിചയമുള്ള ഓരോരുത്തരുടെയും കഴിവുകൾ കണ്ട് മതിമറന്നാസ്വദിച്ചു പിരിഞ്ഞു.ആസ്വാദനക്കുറിപ്പുകൾ എഴുതി.

അതിനടുത്ത വർഷം 'ഫ്രെയിം ഫീസ്റ്റാ'യുടെ ഭാഗമായി സുധി എഴുതി സംവിധാനം ചെയ്ത 'മിയ' എന്ന ഷോർട്ഫിലിമിന്റെ ഭാഗമാകാൻ സാധിച്ചു.ഒരു ഷോർട്ഫിലിം നിർമ്മിക്കാൻ എന്തൊക്കെ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് നേരിട്ടറിയാനുള്ള അവസരമുണ്ടായതും അപ്പോഴാണ് . അവിടെ വെച്ചു കിട്ടിയ ഏറ്റവും വലിയ ഒരു സമ്മാനമാണ് ടിബി യുടെ പ്രിയങ്കരനായ ശ്രീ നവീൻ രമണനുമായുള്ള സൗഹൃദം.

ലക്ഷ്മി അമ്മാളിനൊപ്പമുള്ള ഓർമ്മകൾ പങ്കിടാമോ എന്നന്വേഷിച്ചപ്പോൾ നവീൻജി പറഞ്ഞ വരികൾ ശ്രദ്ധേയമാണ്.

"സൗമ്യം, ദീപ്തം!

ലക്ഷ്മി മാഡത്തെ കുറിച്ച് ഇതാണ് പറയുവാൻ ഉള്ളത്. ഗായിക, എഴുത്തുകാരി, അഭിനേത്രി, നർത്തകി.... ഏത് രംഗത്തും തന്റേതായ കൈയൊപ്പ് ചാർത്തിയ വ്യക്തി. A simple soul. മാഡത്തിന് ഒപ്പം ഒന്നിച്ചൊരു ഹ്രസ്വ ചിത്രത്തിൽ അഭിനയിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. ഒരു പാട് കഴിവുകൾ ഉള്ള വ്യക്തി."
ചുരുക്കിയാണ് പറഞ്ഞതെങ്കിലും ലക്ഷ്മി അമ്മാളെ കുറിച്ചുള്ള ഏറ്റവും കൃത്യമായ നിരീക്ഷണമാണ് ഈ വരികൾ.

കോട്ടയത്ത് നിന്ന് TB മീറ്റ് തലസ്ഥാനത്തേക്ക് എത്തിയപ്പോഴേക്കും ലക്ഷ്മി അമ്മാളുടെ ആത്മവിശ്വാസവും
അതിനൊത്തുയർന്നിരുന്നു.സുഹൃത്തുക്കളുടെ പിന്തുണയിൽ തിരുവനന്തപുരം ടി ബി മീറ്റിൽ നടത്തിയ 'സ്വം' എന്ന ഫാഷൻ ഷോയിൽ പങ്കെടുത്തു.ടി ബി ഡാൻസ് ക്ലബിൽ ചേർന്നതിന്റെ ഫലമായി കഴിഞ്ഞ ആലപ്പുഴ മീറ്റിലെ അഭിമാനമായ 'നാട്യ'യുടെ ഭാഗമാകാൻ സാധിച്ചു.ഇതിൽ കൂർഗ് ദേശക്കാരുടെ 'കൊടവ വളഗ' നൃത്തമാണ് ലക്ഷ്മി അമ്മാളും സംഘവും അവതരിപ്പിച്ചത്.

ടിബി യിൽ കിട്ടിയ ഈ അവസരങ്ങൾ കൊണ്ട് തനിക്കുണ്ടായ പ്രത്യേക ഗുണം തന്നിലെ ഈ ചെറിയ കഴിവുകൾ പരിപോഷിപ്പിക്കണം എന്ന ആഗ്രഹം ഉണ്ടായതാണെന്ന് ഓർത്തെടുക്കുന്നു ലക്ഷ്മി അമ്മാൾ .അതിന്റെ ഭാഗമായി രഘുരാമൻ കൃഷ്ണൻ എന്ന ഹിന്ദുസ്ഥാനി സംഗീതജ്ഞന്റെ കീഴിൽ രണ്ട് വർഷമായി സംഗീതം പഠിച്ചു കൊണ്ടിരിക്കുന്നു .ഒപ്പം നൃത്തത്തോടുള്ള ഇഷ്ടവും കൂടെ കൊണ്ട് നടക്കുകയും സെമി ക്ലാസിക്കൽ ഡാൻസ് ഓൺലൈൻ ആയി അഭ്യസിക്കുകയും ചെയ്യുന്നു.

ഇതൊക്കെ കൂടാതെ ഒരു ആർട്ട് ഓഫ് ലിവിങ് വോളന്റിയർ കൂടി ആണ് ലക്ഷ്മി.ഒരു കൂട്ടം സമാന ചിന്താഗതിക്കാരുടെ ഒപ്പം ചേർന്ന് ആഴ്ചയിൽ രണ്ട് ദിവസം സൗജന്യ യോഗ,പ്രണയാമ, ധ്യാന ക്ലാസുകളും എടുക്കുന്നു. തന്റെ അടുത്തേക്ക് വരുന്നവർ പുഞ്ചിരിയോടെ മടങ്ങണം എന്നുള്ളതാണ് തന്റെ ആഗ്രഹം എന്ന് പറയുന്ന ലക്ഷ്മി അമ്മാളിൽ ഇന്നത്തെ കാലത്ത് മനുഷ്യർക്ക് അന്യമായിരിക്കുന്ന സഹജീവി സ്നേഹവും ആത്മാർഥതയും കാണാനാകുന്നു .ബാങ്ക് ജോലിക്ക് ശേഷം ഒന്നിനും സമയം തികയുന്നില്ല എന്ന് പരാതിപ്പെടുന്ന നമുക്കൊക്കെ ഇടയിൽ ഒരത്ഭുതമാണ് ലക്ഷ്മി അമ്മാൾ എന്ന് പറയാതെ വയ്യ. ബാങ്കിൽ റിക്കവറി പോലെയുള്ള ഏറ്റവും പിരിമുറുക്കമേറിയ വിഭാഗത്തിൽ ജോലി എടുക്കുമ്പോഴും തന്റെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും മറ്റുള്ളവർക്ക് കൂടി ഫലപ്രദമായുള്ള രീതിയിൽ വിനിയോഗിക്കുന്നതിൽ ലക്ഷ്മി അമ്മാൾ പ്രകടിപ്പിക്കുന്ന അനിതര സാധാരണമായ താല്പര്യത്തെ കുറിച്ച് എടുത്ത് പറയാതെ വയ്യ...

"ഇപ്പോൾ സമയം ഏറ്റവും ക്രിയാത്മകമായും ശുഭാപ്തി വിശ്വാസത്തോടെയും ചിലവഴിക്കാനുള്ള മാർഗങ്ങൾ തേടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ് താൻ" എന്ന് പറയുന്ന ലക്ഷ്മി അമ്മാളുടെ ഒരു ദിവസത്തിൽ ഇരുപത്തി നാല് മണിക്കൂറിൽ കൂടുതൽ ഉണ്ടോ എന്ന് നമുക്ക് സംശയം തോന്നും,സങ്കീർണ്ണമായ ഒരു വകുപ്പിൽ ജോലി ചെയ്യുമ്പോഴുള്ള കൃത്യമായ സമയക്രത്തിനുള്ളിൽ തീരാത്ത ഉത്തരവാദിത്തങ്ങളും,വൈകിട്ട് തിരിച്ചെത്തി ചെയ്തു തീർക്കാനുള്ള വീട്ട് ജോലികളും ഇതിനെല്ലാമൊപ്പം ഇഷ്ടങ്ങളെ കൂടെ കൂട്ടാൻ ദിവസവും മാറ്റി വെച്ചിരിക്കുന്ന സമയനിഷ്ഠയെ കുറിച്ചും അറിയുമ്പോൾ!
ടിബി ഗ്രൂപ്പിലൂടെ തേച്ചു മിനുക്കി എടുക്കപ്പെട്ട ഒരു രത്നമാണ് ലക്ഷ്മി അമ്മാൾ, കീഴടക്കാൻ ഉയരങ്ങളും ദൂരങ്ങളും ഇനിയും ബാക്കി.
ലക്ഷ്മി അമ്മാളുടെ ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്കും ഈ TBOW അംഗീകാരം ഒരു മുതൽക്കൂട്ടാവട്ടെ എന്ന ആശംസകൾ നേർന്നു കൊണ്ട്

ടാലെന്റെഡ് ബാങ്കേഴ്സ്

തയ്യാറാക്കിയത് : ശില്പ വസന്ത ശശി, UCO Bank, Gandhidham Branch

English version: Arya Gayathry , State Bank of India, Bishop Jerome Nagar, Kollam

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

This story began a few years ago. Or perhaps, much earlier.

As a little girl, she would hold her mother's hand and walk into a bank. The women sitting behind the counters, dressed beautifully in their sarees, fascinated her. She would wonder if she could ever be like them one day.

Years later, that little girl has become the TB of the Week today – Lakshmi Ammal.

Lakshmi Ammal is the eldest daughter of Shri Sivarama Krishnaiyer, who worked at the Directorate of Census Operations, and Smt. Rajalakshmi Ammal, a teacher. She has two siblings.

Growing up in Thiruvananthapuram, Lakshmi did her schooling at Cotton Hill Government Girls Higher Secondary School and completed her Pre-Degree and BSc in Mathematics at All Saints College. She joined the MSc programme at the Karyavattom campus, but before she could complete it, an opportunity came her way to join Federal Bank.

Having finally found the job she had always dreamed of, she chose banking over the Central Government job opportunities that came her way.

Her banking journey began in 1996 as a Data Entry Operator in the Reconciliation Department at Federal Bank's Head Office in Aluva. When the department shifted to Ernakulam, she moved there too.

Within six months of joining the bank, she married Shri V. B. Subramanian, who works in the Customs Department. The couple has two children. Their son, Sriram, works with the Vedanta Group in Mumbai, while their daughter, Shruthi, is pursuing her MSc in Biotechnology at St. Joseph's University, Bengaluru.

When Lakshmi spoke about her mother, who had held her hand and taken her to the bank as a child, her voice became emotional. Her mother retired as Headmistress of Government LP School, Valiyathura, but passed away not long afterwards. Some memories never really leave us, do they?

Coming back to her banking journey, Lakshmi moved from Ernakulam to Alappuzha following a promotion. She was subsequently posted to Eramalloor Branch. She fondly remembers the five years she spent there as the period when she enjoyed her work the most and grew closer to people.

She later returned to Ernakulam and worked at MG Road and Pachalam branches. For the past

two years, she has been working in the Ernakulam Recovery Division.

With nearly thirty years in banking, Lakshmi has witnessed the sector transform in ways that once seemed unimaginable. From the days of handwritten ledgers that had to be maintained and carried around to today's digital banking world, she has seen it all.

But banking is only one part of Lakshmi Ammal's story.

Interestingly, she was never particularly active in cultural programmes during her school days. She once enrolled for a Malayalam poetry recitation simply because she wanted to experience being on stage. But stage fright got the better of her, and she walked off halfway through the recitation! She recalls the incident with a laugh today.

Her love for music, however, goes back to childhood. All these years, one of her favourite companions has been All India Radio. As a child, she would listen to light music and Hindi film songs, write down the lyrics out of curiosity, learn them and try singing on her own.

A radio gifted by one of her father's friends was a prized possession. Even today, the first thing she does after waking up is switch on the radio, sometimes even before lighting the stove! She says this with a smile that is almost as musical as the songs she loves.

Yet, the confidence to sing, dance and share these interests with others came much later, thanks to Talented Bankers.

Reading is another of Lakshmi's favourite pursuits. In fact, it was her love for reading that brought her to TB during the Covid period.

When she first heard the name Talented Bankers, she wondered what she could possibly contribute to a group of talented people. But then she thought, why not join and discover the talents of others? And that is how she became part of our family.

She began by reading the writings of our dear late friend Arith, whose memories still bring a quiet sadness. Gradually, she discovered more writers, artists and performers in the group. She read, watched, listened, interacted and encouraged others. In her own way, she made the Covid days more meaningful.

The little girl who had always loved singing slowly found her voice again. She began posting videos of herself singing her favourite songs. When she realised that there were people who genuinely appreciated and encouraged her efforts, she found the confidence to continue.

Her first TB meet was at Kottayam. She came away amazed by the talents of people she had known only through the group until then. She enjoyed their performances and even wrote appreciation posts about them.

The following year, she became part of Miya, a short film written and directed by Sudhi as part of Frame Fiesta. It gave her a firsthand understanding of the effort that goes into making a short

film. More importantly, it brought her a friendship that she treasures – that of our dear Naveen Ramanan.

When I asked Naveenji to share his memories of Lakshmi Ammal, this is what he had to say:

“Gentle and radiant!

These are the words that come to mind when I think of Lakshmi Madam. A singer, writer, actor and dancer, she has left her mark in every field she has explored. A simple soul, with so many talents. I feel proud to have acted alongside her in a short film.”

Though brief, his words capture Lakshmi Ammal beautifully.

By the time the TB meet moved from Kottayam to Thiruvananthapuram, Lakshmi had grown in confidence too. With the encouragement of her friends, she participated in Swam, the fashion show held as part of the Thiruvananthapuram TB meet.

Her association with the TB Dance Club opened yet another door. She became part of Natya, one of the highlights of the Alappuzha meet, where Lakshmi and her team performed the traditional Kodava dance, Kodava Valaga.

Looking back, Lakshmi says the greatest gift TB has given her is the desire to nurture the little talents she had always carried within herself.

She has now been learning Hindustani music under musician Raghuraman Krishnan for the past two years. She has also taken up semi-classical dance lessons online, keeping her love for dance alive alongside her other commitments.

And that is not all!

Lakshmi Ammal is also an Art of Living volunteer. Along with a group of like-minded people, she conducts free yoga, pranayama and meditation classes twice a week.

She says she wants people who come to her to leave with a smile. There is something beautiful about that simple thought. In a world where we are often too caught up in our own lives, her concern for the happiness of others speaks volumes about the person she is.

It is difficult not to wonder how she manages to fit everything into a day.

Working in the Recovery Division, one of the more demanding and stressful areas of banking, comes with its own set of responsibilities. There are deadlines to meet, work that may not always end with office hours and a home to return to, with its own share of duties. Yet, Lakshmi finds time for music, dance, yoga, reading and, above all, the people around her.

While many of us complain that there is never enough time after a day at the bank, Lakshmi reminds us that perhaps it is also about making time for the things that bring us joy and give

meaning to our lives.

She says she is still exploring ways to spend her time more creatively and positively. Listening to her, one might wonder whether her day has more than twenty-four hours!

For me, Lakshmi Ammal is a beautiful example of how the right company and encouragement can help us discover parts of ourselves that have remained hidden for years.

Talented Bankers has helped polish a little gem into a brighter one. And I have a feeling that there are many more heights for her to scale and many more dreams waiting to take shape.

May this recognition as TB of the Week encourage Lakshmi Ammal to keep exploring, learning, creating and spreading smiles.